പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2371 **27-10-2026-ൽ മറുപടിയ്ക്ക്**

കെ.എസ്.ഇ.ബി.യിലെ താൽക്കാലിക/കരാർ നിയമനരീതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. എം. റഹ്മത്തുള്ള	ശ്രീ. സണ്ണി ജോസഫ് (വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സെക്ഷൻ ഓഫീസുകൾ, സബ്സ്റ്റേഷനുകൾ, മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിലേക്ക് താൽക്കാലിക ജീവനക്കാരെയും ഡ്രൈവർമാരെയും നിയമിക്കുന്നതിന് നിലവിൽ ലേലം/ക്വട്ടേഷൻ സമ്പ്രദായമാണോ പിന്തുടരുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി: Contract Labour (Regulation and Abolition) Act, 1970- ലെ വ്യവസ്ഥകൾ പ്രകാരമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ കരാർ ജോലികൾ അനുവദിച്ച് വരുന്നത്. ദർഘാസ് സമർപ്പിക്കുന്നവരിൽ നിന്നും, കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന കരാറുകാരന് മാനദണ്ഡങ്ങൾക്ക് വിധേയമായി കോൺട്രാക്ട് ഓഫ് എഗ്രിമെന്റ്/വർക്ക് ഓർഡർ നൽകി കരാർ അടിസ്ഥാനത്തിൽ നിശ്ചിത ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന രീതിയാണ് കെ.എസ്.ഇ.ബി.എൽ.-ൽ നിലവിലുള്ളത്.

കെ.എസ്.ഇ.ബി.എൽ.-ൽ താല്കാലിക ജീവനക്കാരെയും ഡ്രൈവർമാരെയും നിയമിക്കുന്നത് ടെൻഡർ/ ക്വട്ടേഷൻ (വർക്ക് കോൺട്രാക്ട്) സമ്പ്രദായത്തിലാണ്.

(ബി) ഏറ്റവും കുറഞ്ഞ തുകയ്ക്ക് ലേലം പിടിക്കുന്ന കരാറുകാർക്ക് പ്രവൃത്തി ഏൽപ്പിക്കുന്നതിലൂടെ തൊഴിലാളികൾക്ക് സർക്കാരും ലേബർ കമ്മീഷണറും നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം പോലും ലഭിക്കുന്നില്ലെന്നും വ്യാപകമായ വേതനചൂഷണം നടക്കുന്നുണ്ടെന്നുമുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ കരാർ / ദിവസക്കൂലി തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ളതും PWD/CPWD നിരക്കുകൾക്ക് അനുസൃതമായതുമായ വേതനം കെ.എസ്.ഇ.ബി.എൽ., estimate cost of work കണക്കാക്കുന്നതിലേക്കായി പരിഗണിക്കുന്നുണ്ട്. എല്ലാവർക്കും മിനിമം വേതനം ഇപ്പോൾ ലഭിക്കുന്നുണ്ടോ എന്ന കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഇത്തരത്തിൽ ക്വട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട കരാർ ജീവനക്കാർക്ക് ലഭിക്കുന്ന ശരാശരി പ്രതിദിന വേതനം എത്രയാണെന്നും കരാറുകാർ ഈടാക്കുന്ന വിഹിതം എത്രയാണെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) ഇത്തരത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇ.എസ്.ഐ., പി.എഫ്., അപകട ഇൻഷുറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിലവിൽ കെ.എസ്.ഇ.ബി.യിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: 5 ലക്ഷത്തിന് താഴെ അടങ്കൽ തുകയുള്ള കരാർ പ്രകാരമുള്ള പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് എന്തെങ്കിലും അപകടം സംഭവിക്കുന്ന സാഹചര്യത്തിൽ, എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് 1923 ലെ വ്യവ സ്ഥകൾക്കും, കെ.എസ്.ഇ.ബി.എൽ. പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും വിധേയമായി, നഷ്ടപരിഹാരം അനുവദിച്ച് വരുന്നു. അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള അടങ്കൽ തുകയുടെ കരാറുകൾക്ക് നഷ്ടപരിഹാരം അനുവദിക്കേണ്ടതിന്റെ ബാദ്ധ്യത കരാറുകാരനായിരിക്കുന്നതാണ്. കരാർ വർക്കുകൾ ഏറ്റെടുത്ത് നടത്തുന്ന ചില കോൺട്രാക്ടർമാർ ESI/PF പ്രകാരം ഈടാക്കേണ്ടുന്ന നിയമാനുസൃതമായ വിഹിതം ഒടുക്കി വരുന്നു.

(ഇ) താൽക്കാലിക ജീവനക്കാരെ ചൂഷണത്തിന് ഇടയാക്കുന്ന കമ്മീഷൻ/ലേല സമ്പ്രദായം അവസാനിപ്പിച്ച്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ മിനിമം വേതനവും തൊഴിൽസുരക്ഷയും ഉറപ്പാക്കുന്ന സുതാര്യമായ വ്യവസ്ഥകൾ പ്രകാരമോ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

മറുപടി: കരാർ / വർക്ക് ഓർഡർ രീതികൾക്കുപരിയായി നിശ്ചിത എണ്ണം കരാർ ജീവനക്കാരെ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിശ്ചിത കാലയളവിലേക്ക് നിയോഗിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്. ഈ വ്യവസ്ഥ പരിശോധിച്ച്, മാറ്റങ്ങൾ സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ